

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 59/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 07/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്മേലും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ),തൃശ്ശൂർ
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 59/2022 തീയ്യതി: 07/05/2022

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-03-2019 മുതൽ 24-12-2021 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷാജി.കെ	ജോയിന്റ് ഡയറക്ടർ	18-12-2021	24-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-12-2021	24-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ.ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.കെ.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.കെ.അബീദലി	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീമതി.വിനീത സോമൻ	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സന്തോഷ്.എം.പി	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2019	31-03-2020
ശ്രീമതി.ബിന്ദു.കെ.സി	അസി.എഞ്ചിനീയർ	01-04-2019	31-03-2020
ഡോ.സാനു.എം.പരമേശ്വരൻ	സൂപ്രണ്ട്, സി.എച്ച്.സി.,പെരിഞ്ഞനം	01-04-2019	31-03-2020
ശ്രീമതി.സുമൻ.കെ.ആർ	ശിശു വികസന ഓഫീസർ	01-04-2019	31-03-2020
ശ്രീ.ഗിരീഷ് കുമാർ.പി	പട്ടിക ജാതി വികസന ഓഫീസർ	01-04-2019	31-03-2020
ശ്രീമതി.ജ്യോതി.പി.ബിന്ദു	കൃഷി അസി.ഡയറക്ടർ	01-04-2019	31-03-2020
ശ്രീമതി.വിധു വർക്കി.ടി.എ	ക്ഷീര വികസന ഓഫീസർ	01-04-2019	08-07-2019
ശ്രീമതി.ബിന്ദുജ.കെ.എസ്.	ക്ഷീര വികസന ഓഫീസർ	09-07-2019	31-03-2020
ശ്രീ.സതീഷ്	വ്യവസായ വികസന ഓഫീസർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-2
3	സാമ്പത്തിക വിശകലനം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-3
4	ഗ്രാന്റ് വിനിയോഗം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-4
5	പദ്ധതി അവലോകനം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-5
6	ആഭ്യന്തരനിയന്ത്രണം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-6
7	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-7
8	അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-8
9	ഡിമാന്റ് എൻട്രി രണ്ടു തവണ മാത്രം Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-9
10	ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-10
11	ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-11
12	വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-12
13	രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-13
14	രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-14
15	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-15
16	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-16
17	ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ എന്നിവ	1-17

	ഹാജരാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	
18	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-18
19	പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-19
20	പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-20
21	Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-21
22	ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-22
23	പണം പിൻവലിക്കൽ പരിശോധന - അപാകതകൾ Written By: Bindhu (Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-23
24	പണമടവു പരിശോധന - അപാകതകൾ Written By: Bindhu (Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-24
25	മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-25
26	നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷം മരുന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-26
27	പേയ്മെന്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-27
28	കമ്മീഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-28
29	പ്രൊജക്ടുകളുടെ UTR സ്റ്റേറ്റ്മെന്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-29
30	ഭിന്നലിംഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ- ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ല- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-30

	Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	
31	ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 10-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-31
32	പെയിൻ &പാലിയേറ്റീവ് പദ്ധതി -ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-32
33	പത്താംതരം തുല്യത,ഹയർ സെക്കന്ററി തുല്യത പഠിതാക്കളുടെ പരീക്ഷ ഫീസ് - പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-33
34	ബഡ്സ് സെന്ററർ വയറിങ്ങ് കെ.എസ്.ഇ.ബി.ഡെപ്പോസിറ്റ് വർക്ക് -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. Written By: P.A.Seenath (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-34
35	2019-20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ UTR ലഭ്യമാക്കേണ്ടതാണ്. Written By: Vidhya O.K (Senior Grade Auditor, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-35
36	വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. Written By: P.A.Seenath (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-36
37	വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി:-ലഭ്യമായ സബ്സിഡി ഉപയോഗിച്ച് ലോൺ തുക നേരത്തേ അടവാക്കി Written By: Nirmal K G (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 07-05-2022)	1-37
38	കന്നുകുട്ടി പരിപാലനം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-38
39	ക്ഷീര കർഷകർക്ക് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല Written By: Bindhu (Auditor, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-39
40	ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -തുക അധികം നൽകി. Written By: P.A.Seenath (Audit Officer, On 12-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	1-40
41	ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-41
42	അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തിയ നീന്തൽക്കുളം-നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-42
43	പുതുതായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ-ലേലനടപടികൾ	1-43

	ത്വരിതപ്പെടുത്തേണ്ടതാണ് Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	
44	മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും Written By: P.A.Sivan (Audit Officer, On 11-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	1-44
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-3
4	വായ്പ/ വായ്പ തിരിച്ചടവ് Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-4
5	സ്ഥിരനിക്ഷേപങ്ങൾ Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 29-04-2022)	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: P.A.Sivan (Audit Officer, On 07-01-2022) Last Updated By: P.A.Sivan (Audit Officer, On 11-04-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം	21.02.2019,1(1)	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	101074000	98636940
റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം	20.02.2020, 1	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	109605781	106216433

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2020	29.05.20

1-3 സാമ്പത്തിക വിശകലനം

-	തുക (രൂപ)
മുന്നിരിപ്പ്	3,03,10,014./-
ഓഡിറ്റ് വർഷത്തെ വരവ്	63190018/-
ആകെ	93500032/-
ഓഡിറ്റ് വർഷത്തെ ചെലവ്	63866223/-
നീക്കിയിരിപ്പ്	29633809/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	33753681	33753681	33753681	0
വികസനഫണ്ട് (എസ്.സി.പി)	0	14116173	14116173	14116173	0
മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)	0	3929910	3929910	3929910	0

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തികരിച്ചതിന്റെ ശതമാനം
124	96270429	86	55948081	03	35	70

1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾ, വാർഷിക കണക്കുകൾ, വരവ് ചെലവ് ഇനങ്ങൾ എന്നിവയിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ അതത് ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	28.07.2021-31.07.2021	2020-21	21.10.2021
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	ലഭ്യമല്ല.	01.10.2015 മുതൽ 31.08.2016 വരെ	ലഭ്യമല്ല.

1-8 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-9 ഡിമാന്റ് എൻടി രണ്ടു തവണ മാത്രം

2019-20 ൽ അസസ്സ്ചെയ്യപ്പെട്ടുന്ന അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ രണ്ട് തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻടികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.നം	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	6000	30.01.2020	41900002
			892672	31.03.2020	41900068

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രുവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻടികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-10 ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും ശ്രദ്ധ കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സാക്ഷിപ്പും രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1.വാടക ഡിമാന്റ് രജിസ്റ്റർ

1-11 ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

1.അക്കൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

മറി വാടക

ഇനം	ഡിമാന്റ്	കളക്ഷൻ	മുൻഗ്രർ ക്രമീകരിച്ചത്	എഴുതി തള്ളിയത്	ബാലൻസ്
കെട്ടിടങ്ങളിൽ നിന്നുള്ള വാടക (130100101)	898672	732048	-		166624
കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കടിശ്ശിക) (431400102)	963474	218571	-		744903

2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക	റസീറ്റ് & പേയ്മെന്റ് പുസ്തിക പ്രകാരം	രജിസ്റ്റർ പ്രകാരം കളക്ഷൻ
Sale Of Usufructs Of Trees (150100107)	2580	2580	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
Sale Of Timber (150100110)	1690	1690	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
Sale Of Other Products (150100199)	162	162	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
Sale Of Tender Forms (150110101)	270240	270240	രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-12 വാടകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-13 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ- വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻടികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2020ലെ ലെഡ്ജർ ബാക്കി
280200101-Prior Period Income-Rent From Building	22200
280200401-Prior Period Income-Interest & Finance	201698

Charges	
28080050I-Prior Period- Programme Expenses	444

1-14 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് – കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 676205/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 754838/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-17 ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 398402/-നിക്ഷേപവും B-18 പ്രകാരം 323834/-രൂപ അഡ്വാൻസും ഉണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-18 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗ്രണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗ്രണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-19 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വത്സമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കുറയുന്നതിനും കാരണമാകുന്നു. ഇത് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 152/2011/ത.സ്വ.ഭ.വ, തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-20 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാലൻസ് ഷീറ്റ് (B17) പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

ക്ര. നം.	ബാങ്ക്
1.	SGSY-RENT BOB-OWN FUND 2
2.	TRY.TSB A/C
3.	TRY.NABARD FUND
4.	Nationalised Bank-IAY Plan Share
5.	Nationalised Bank-TSC Fund
6.	Plan Fund A/C
7.	IAY Budget Share Bank A/C
8.	Plan Fund KDLR BLCK(Indian Bank)
9.	Miscelleneous Funds(SMGB)
10.	Try.Special TSB-Joint Venture

1-21 Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-1I(A)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 146450/-രൂപയാണ്. എന്നാൽ ഇതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

1-22 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6060172/-രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-23 പണം പിൻവലിക്കൽ പരിശോധന - അപാകതകൾ

1. താഴെ പറയുന്ന തുക ബാങ്ക് ബുക്കിൽ പിൻവലിച്ചതായി കാണുന്നുണ്ട്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ഈ പിൻവലിക്കൽ നടന്നിട്ടില്ല.

വൗച്ചർ നമ്പർ	തുക	തീയതി	ബാങ്ക്
21900017	40000/-	08/04/19	ബാങ്ക് ഓഫ് ബറോഡ (തനതു ഫണ്ട്)

പാസ്സ് ബുക്ക് പ്രകാരം ഈ പണം പിൻവലിക്കൽ കാണാത്തതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 2/20-12-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

2. താഴെ പറയുന്ന തുകകൾ ബാങ്ക് ബുക്ക് പ്രകാരം പിൻവലിച്ചിട്ടില്ല. എന്നാൽ പാസ്സ് ബുക്ക് പ്രകാരം പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തീയതി	പാസ്സ് ബുക്ക് പ്രകാരം പിൻവലിച്ച തുക	ബാങ്ക്
01/10/2020	3591/-	ബാങ്ക് ഓഫ് ബറോഡ (തനതു ഫണ്ട്)
30/09/19	708/-	"
01/07/19	9550/-	"
01/07/19	8000/-	"
01/07/19	8200/-	"
01/07/19	12750/-	"
01/07/19	15350/-	"
01/07/19	9550/-	"

01/07/19	9550/-	"
01/07/19	8200/-	"
01/07/19	8000/-	"
01/07/19	8200/-	"
01/07/19	8000/-	"
01/07/19	8200/-	"
01/07/19	8000/-	"
01/07/19	8000/-	"
01/07/19	8000/-	"
01/07/19	16100/-	"

ബാങ്ക് ബുക്കിൽ വരാതെ പാസ്സ് ബുക്ക് പ്രകാരം തുകകൾ പിൻവലിച്ചതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ.2/20.12.21 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-24 പണമടവു പരിശോധന - അപാകതകൾ

പണമടവു പരിശോധനയിൽ താഴെ പറയുന്ന തുകകൾ ബാങ്ക് പാസ്സ് ബുക്കിൽ പണം അടച്ചതായി കാണാനുണ്ടെങ്കിലും ഡേ ബുക്കിൽ തുക രശീത് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പാസ്സ് ബുക്കിൽ വന്ന തീയതി	തുക	ബാങ്ക്
10-04-19	65596/-	ബാങ്ക് ഓഫ് ബറോഡ (തനതു ഫണ്ട്)
16-05-19	4085/-	"
16-05-19	4927/-	"
16-05-19	10852/-	"
16-05-19	5712/-	"
23-05-19	1519/-	"
03-06-19	12591/-	"
04-06-19	162/-	"
29-06-19	12590/-	"
12-07-19	153650/-	"
26-07-19	3000/-	"
02-08-19	12590/-	"
06-08-19	6600/-	"
16-08-19	50000/-	"
19-08-19	25878/-	"
25-09-19	28032/-	"
03-10-19	22218/-	"
24-10-19	60/-	"
01-11-19	11028/-	"
09-01-2020	5000/-	"
25-02-20	252548/-	"
26-02-20	28138/-	"

03-03-20	211870/-	"
03-03-20	13854/-	"
ആകെ	**942500/-**	"

ഡേ ബുക്കിൽ വരവ് വരാതെ ബാങ്ക് പാസ്സ് ബുക്കിൽ മാത്രം ഈ തുകകൾ വന്നിട്ടുള്ളതിന്റെ കാരണം തിരക്കി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നമ്പർ 1/20-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിൽ ഇക്കാര്യം പ്രതിഫലിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-25 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രൊജക്ട് നമ്പർ	-80/20
	- മാടവന പി.എച്ച്.സി. യിലേയ്ക്ക് മരുന്ന വാങ്ങൽ
അടങ്കൽ	- 250000/- -
ചെലവ്	- 150000/-വികസന ഫണ്ട്) - 100000/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽനമ്പർ	- 15/20.12.19 – 1,00,000/- - 55/16.03.20 – 49,774/- - 56/16.03.20 – 47,416/- - 57/16.03.20 – 52,810/-

മേൽ ബില്ലിൽ ഉൾപ്പെടുത്തി 1,00,000/-രൂപ (പ്രൊഫോർമ ഇൻവോയ്സ് PRF-2857/ 30.11.2019 തുക-1,00,000/-) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18 (A)/23.12.21) മറുപടി ലഭ്യമാക്കിയില്ല.

1-26 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷം മരുന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രൊജക്ട് നമ്പർ	-80/20
	- മാടവന പി.എച്ച്.സി. യിലേയ്ക്ക് മരുന്ന വാങ്ങൽ
അടങ്കൽ	- 250000/- -
ചെലവ്	- 150000/-വികസന ഫണ്ട്) - 100000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽനമ്പർ	- 15/20.12.19 – 1,00,000/- - 55/16.03.20 – 49,774/- - 56/16.03.20 – 47,416/- - 57/16.03.20 – 52,810/-

മേൽ ബില്ലുകളിൽ 150000/- രൂപയുടെ മരുന്നുകൾ കൊടുങ്ങല്ലൂർ ഗവ.ആശുപത്രി, നീതി മെഡിക്കൽ സ്റ്റോറിൽ നിന്നാണ് വാങ്ങിയത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഇൻഡന്റ് നൽകി മരുന്ന് ലഭ്യമായിട്ടുങ്കിൽ HMC ശുപാർശ പ്രകാരമാണ് അടിയന്തിര സാഹചര്യം മറികടക്കുന്നതിന് മരുന്ന് വാങ്ങാവുന്നത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷവും HMC ശുപാർശ പ്രകാരവും നീതി മെഡിക്കൽ സ്റ്റോർ/കാരുണ്യ/ജൻ ഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്നാം മരുന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 18 (A)/23.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 പേയ്മെന്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ	- 110/20
	മാടവന പി.എച്ച്.സി. - കബോർഡ് വാങ്ങൽ
അടങ്കൽ	- 213180/-
ചെലവ്	- 213180/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ബിൽനമ്പർ	- 2/29.07.2019 തുക 213180/-

ഇൻവോയ്സ് നം. 661/18-19, തീയതി 30.03.2018 പ്രകാരം 406242/- രൂപയുടെ കബോർഡ്, ഫിറ്റ് എന്ന ഏജൻസിയിൽ നിന്നാം വാങ്ങിയതിന്റെ ബില്ലാണ് ടഷറി ബില്ലിനൊപ്പം ഹാജരാക്കിയത്. ടി ബില്ലിന്റെ ബാക്കി തുക പേയ്മെന്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 18 (A)/23.12.2021). ആയത് ഹാജരാക്കേണ്ടതാണ്.

1-28 കുട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ	- 90/20
	-മദർ & ചൈൽഡ് വാർഡ് അടിസ്ഥാന സൗകര്യം ഒരുക്കൽ
അടങ്കൽ	- 800000/ -
ചെലവ്	- 259719/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)

ബിൽ നം.39/11.03.20 തുക 43,300/- (ഇൻവോയ്സ് നം. 4668/10.03.20), ബിൽ നം.41/11.03.20, തുക 43,300/- (ഇൻവോയ്സ് നം. 4665/9.03.20), എന്നിവ പ്രകാരം കൽ ഏജൻസിസ് എന്ന സ്ഥാപനത്തിൽ നിന്നാം LED Samsung TV (2 എണ്ണം) വാങ്ങിയിട്ടുണ്ട്. ടി പർച്ചേസുകൾക്ക് കുട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. കുട്ടേഷൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18(A)/23.12.2021) .

1-29 പ്രൊജക്ടുകളുടെ UTR സ്റ്റേറ്റ്മെന്റ് ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ UTR സ്റ്റേറ്റ്മെന്റുകൾ, പ്രൊജക്ട് ഫോറങ്ങൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നില്ല. ആയത് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18(A)/23.12.2021) .

1-30 ഭിന്നലിംഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ- ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ	- 105/ 20 ഭിന്നലിംഗക്കാർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ
നിർവ്വഹണ ഉദ്യോഗസ്ഥ	ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ

അടങ്കൽ	5,00,000/-(വികസന ഫണ്ട് - ജനറൽ)
ചെലവ്	- 4,99,721/-
ബിൽ നമ്പർ / തുക	3/08.09.2019- 4,99,721/-

മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ ഭിന്നലിംഗക്കാരുടെ ഗ്രൂപ്പിന് തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട തയ്യൽ മെഷീൻ, മേശ തുടങ്ങിയ സാമഗ്രികളും ഡാൻസ് പ്രോഗ്രാമിനുള്ള മേയ്ക്കപ്പ് വസ്തുക്കളും വാങ്ങി നല്കുക എന്നതാണ് പദ്ധതി ലക്ഷ്യം. Veco Trading എന്ന സ്ഥാപനത്തിൽ നിന്നും തയ്യൽ മെഷീൻ, പവർ ലോക്ക്മെഷീൻ, ഇന്റർലോക്ക്മെഷീൻ, ഓവർലോക്ക് മെഷീൻ, ഡാൻസ് പ്രോഗ്രാമിനുള്ള വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവ 417310/- (409424+7886(GST TDS)) രൂപയ്ക്ക് വാങ്ങി നല്കിയിട്ടുണ്ട്. കൂടാതെ സിഡ്കോയിൽ നിന്നും സ്റ്റീൽ കാബിനറ്റ് (4 ഷെൽഫ് ഗ്ലാസ് ഡോറോടുകൂടിയത്)- 4 എണ്ണം, ടേബിൾ (വുഡൺ ടോപ്പ്, സ്റ്റീൽ ഫ്രെയിം) - 1 എണ്ണം, സ്റ്റീൽ ടേബിൾ (1 Drawer, 1 Cupboard) - 1 എണ്ണം, ആഞ്ഞിലി -ആം ചെയർ - 5 എണ്ണം എന്നിവ 82411/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

വീക്കോ ടേഡേഴ്സിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നമ്പർ - 35/ 07.03.2019 –

ക്രമ നം.	ഇനം	എണ്ണം	തുക
1	ടൈലറിംഗ് മെഷീൻ	3	17700/-
2	പവർ മെഷീൻ	1	21850/-
3	ഇന്റർ ലോക്ക് മെഷീൻ	1	8360/-
4	ഓവർ ലോക്ക് മെഷീൻ	1	6900/-
5	ഒപ്പന ഡ്രസ്സ്, ആഭരണങ്ങൾ	9+9	8100/- +18000/-
6	തിരുവാതിര ഡ്രസ്സ്, ആഭരണങ്ങൾ	9+9	8550/- +18000/-
7	മാർഗം കളി ഡ്രസ്സ്, ആഭരണങ്ങൾ	9+9	6750 + 31500/-
8	ഭരതനാട്യം ഡ്രസ്സ്, ആഭരണങ്ങൾ	5+5	17000/-+ 50000/-
9	കുച്ചിപ്പിടി ഡ്രസ്സ്, ആഭരണങ്ങൾ	4+4	13600/- + 42400/-
10	മോഹിനിയാട്ടം ഡ്രസ്സ്, ആഭരണങ്ങൾ	5+5	17000/- + 51000/-
11	കേരള നടനം ഡ്രസ്സ്, ആഭരണങ്ങൾ	4+4	13600/- + 40400/-
12	ദേവി കിരീടം	7	26600/-
ആകെ			**417310/-**

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടില്ല.

2) Veco Trading എന്ന സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടില്ല.

3) തയ്യൽ മെഷീൻ, ഡാൻസ് പ്രോഗ്രാമിനുള്ള വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നീ ഇനങ്ങൾക്ക് ക്വട്ടേഷൻ/ ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ ഫയൽ ലഭ്യമായിട്ടില്ല.

4) Veco Trading, സിഡ്കോ എന്നീ സ്ഥാപനങ്ങളുമായി കരാർ ഒപ്പുവച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/ 22.12.2021)

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന നൂതന പദ്ധതിയായിരുന്നു ഇതെന്നും ട്രാൻസ്ജെന്റേഴ്സുമായി നിരവധി തവണ കൂടിക്കാഴ്ച നടത്തിയതിനു ശേഷമാണ് അവരുടെ ആവശ്യങ്ങൾ മുൻനിർത്തിയും തൊഴിൽ സാധ്യത

മുൻനിർത്തിയും വിഭാവനം ചെയ്ത പദ്ധതിയായിരുന്ന ഇത് എന്നമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. ഡാൻസ് കളക്ഷൻസ് വാടകയ്ക്ക് നൽകുന്നതിനും ഒപ്പം ഇന്നൽ കേന്ദ്രം പ്രവർത്തിക്കുന്നതിനും സാധനങ്ങൾ വാങ്ങാനാണ് തീരുമാനിച്ചത്. വീക്കോ ടേഡേഴ്സിന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നല്കുകയും ടി സ്ഥാപനം ഡാൻസ് കളക്ഷന്റെ സാമ്പിൾ, കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പർച്ചേസ് ഓർഡർ നല്കിയതെന്നാണ് അറിയിച്ചത്. ഉദ്ഘാടന ചടങ്ങ് നടത്തിയെങ്കിലും സാധനങ്ങൾക്ക് (ഡാൻസ് കളക്ഷൻസ്) ഗ്രണനിലവാരം കുറവാണ് എന്ന കാരണത്താൽ ഇവ ഏറ്റെടുക്കാൻ ട്രാൻസ്ജെൻഡേഴ്സ് വിസമ്മതിച്ചതായും മറ്റൊരു സ്ഥലത്ത് ഇന്നൽ കേന്ദ്രം സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. സിഡ്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ ഏറ്റെടുക്കുന്നതിനും തയ്യാറായില്ല. ഭരണ സമിതി ഉൾപ്പെടെ ട്രാൻസ്ജെൻഡേഴ്സുമായി ചർച്ച നടത്തിയെങ്കിലും സഹകരിക്കാൻ ട്രാൻസ്ജെൻഡേഴ്സ് തയ്യാറായില്ല. 27.10.2020 ലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 6(1) നം. തീരുമാന പ്രകാരം വീക്കോ ടേഡേഴ്സിന് സാമ്പിളിൽ നിന്നും വ്യത്യസ്തമായി നിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്തതിന് കാരണം കാണിക്കൽ നോട്ടീസ് നൽകിയെങ്കിലും മേൽവിലാസത്തിൽ ആളില്ല എന്ന മറുപടിയാണ് ലഭ്യമായത് എന്നും അറിയിച്ചു. ട്രാൻസ്ജെൻഡേഴ്സിന് വേണ്ടി തൃശ്ശൂർ ജില്ലയിൽ ആദ്യമായി നടപ്പിലാക്കിയതും കിലയുടെ അഭിനന്ദനങ്ങൾ ലഭിച്ച പദ്ധതിയായിരുന്ന ഇതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഭിന്നലിംഗക്കാരുടെ ഗ്രൂപ്പിന് തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട തയ്യൽ മെഷീൻ, മേശ തുടങ്ങിയ സാമഗ്രികളും ഡാൻസ് പ്രോഗ്രാമിനുള്ള മേയ്ക്കപ്പ് വസ്തുക്കളും നിലവിൽ ശിശു വികസന ഓഫീസറുടെ കൈവശമാണ് സൂക്ഷിക്കുന്നത്. ഫർണ്ണീച്ചറുകൾ ഉപകാരപ്പെടുത്താനും വീക്കോ ടേഡേഴ്സിന് കൈമാറിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ - ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ

I)

പദ്ധതിയുടെ പേര്	അടങ്കൽ തുക	ചെലവ് തുക	ബിൽ നമ്പർ	റിമാർക്ക്	പരാമർശം
13/20 - ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വിഹിതം കൈമാറൽ	34,00,000/- (വികസന ഫണ്ട് - ജനറൽ)	30,50,000/-	21900707/ 25.02.2020	മതിലകം- 20,000/-	വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച സംയുക്ത തീരുമാനം, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള റിക്വിസിഷനുകൾ, പ്രോജക്ട് ഫോറങ്ങൾ, ധനവിനിയോഗസാക്ഷ്യ പത്രങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.
			21900866/ 28.03.2020	എറിയാട് - 3,00,000/-	
15/20 തണൽ പദ്ധതി - വിഹിതം കൈമാറൽ	4,00,000/- (വികസന ഫണ്ട് - ജനറൽ)	2,00,000/-	15/ 30.09.2019	കയ്പമംഗലം - 2,00,000/-	-sl-

159/20- അംഗൻ വാടി അനുപൂരക പോഷകാഹാരം - വിഹിതം കൈമാറൽ	3983524/- (വികസന ഫണ്ട് - ജനറൽ)	3983524/-	21900613/ 15.1.2019 21900874/ 16.03.2020	മതിലകം- 128513 + 55011	-sl- *എടവിലങ്ങ്- 426510/- രൂപയുടെ ധനവിനി യോഗസാക്ഷ്യ പത്രമാണ് ലഭ്യമായത്
			13/ 30.09.2019	*എടവിലങ്ങ്- 5,00,000/-	
			21900648/ 17.01.2020 21900659/ 10.02.2020	എറിയാട് - 2,65,176/-+ 2,34,824/-	

ഓഡിറ്റ് എൻക്വയറി നമ്പർ 8/ 22.12.2021

വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് പ്രൊജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ പഞ്ചായത്തിലേക്ക് റിക്വിസിഷൻ നൽകുകയും പഞ്ചായത്ത് അപ്രൂവ് ചെയ്ത് സി.ഡി.പി.ഒ. യുടെ ലോഗിനിലേക്ക് ഓൺലൈൻ മുഖേന അയച്ചു നൽകുകയുമാണ് ചെയ്തു വരുന്നത് എന്നാണ് മറുപടി നൽകിയത്. സംയുക്ത പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ സ.ഉ.(കൈ)11/2018/LSGD, തീയതി. 29.01.2018 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

കൂടാതെ വിഹിതം നൽകിയ സ്ഥാപനങ്ങളിൽ നിന്നും ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 പെയിൻ &പാലിയേറ്റീവ് പദ്ധതി -ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല.

പ്രോജക്ട് നം. 63/20

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പെയിൻ &പാലിയേറ്റീവ് പദ്ധതി പ്രകാരം തൻവർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

ക്രമ നം.	ഗ്രാമപഞ്ചായത്തിന്റെ പേര്	ബിൽനം/വൗച്ചർ നം/തി.	തുക
1	മതിലകം ഗ്രാമപഞ്ചായത്ത്	21900651/25.01.2020	31400
2	ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്	21900652/25.01.20	28850
3	ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്	21900656/03.02.20	29800
4	പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്	21900870/10.02.20	186438
5	മതിലകം ഗ്രാമപഞ്ചായത്ത്	21900687/14.02.20	30800
6	ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്	21900652/25.01.20	28850
7	കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	21900798/16.03.20	50000
8	കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	21900838/16.03.20	50000

9	കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	21900799/16.03.20	50000
10	കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	21900802/16.03.20	50000
11	മതിലകം ഗ്രാമപഞ്ചായത്ത്	21900875/17.03.20	20800
12	മതിലകം ഗ്രാമപഞ്ചായത്ത്	21900867/30.03.20	28406
			585344

മേൽ പ്രകാരം പെയിൻ &പാലിയേറ്റിവ് പദ്ധതിക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 585344/-രൂപയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-25/24.12.21)

1-33 പത്താംതരം തുല്യത,ഹയർ സെക്കന്ററി തുല്യത പഠിതാക്കളുടെ പരീക്ഷ ഫീസ് - പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വനിത ഗ്രൂപ്പ്സംരംഭങ്ങൾക്ക് പുതിയ യൂണിറ്റിന് സബ്സിഡി (ജനറൽ) സ്കിൽ ഓവർ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം. 131/19-20
അടങ്കൽ – 79000/- പ്ലാൻ ഫണ്ട്

ബിൽ നം.-85/19-20, തി. 20.03.20, തുക -14000

മേൽ പ്രോജക്ട് പ്രകാരം പത്താം തരം വിദ്യാർത്ഥികളുടെ പരീക്ഷ ഫീസിനത്തിൽ 14000/- (8 വിദ്യാർത്ഥികൾക്ക് 1750/- രൂപ വീതം) രൂപ കേരള സ്റ്റേറ്റ് സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. പരീക്ഷയെഴുതിയതിന്റേയോ, പാസ്സായതിന്റേയോ രേഖകൾ ഹാജരാക്കിയിട്ടില്ല. പരീക്ഷ പാസായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-34 ബഡ്സ് സെന്റർ വയറിങ്ങ് കെ.എസ്.ഇ.ബി.ഡെപ്പോസിറ്റ് വർക്ക് -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം.118/19-20
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
ബിൽ നം.26/06.09.19, തുക-43587/-
ബിൽ നം.25/16.09.19
വൗച്ചർ നം.21900327/26.08.19 – 5071
അടങ്കൽ – 43587/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം. 118/19-20

ബഡ്സ് സെന്റർ വയറിങ്ങ് പ്രവൃത്തിക്ക് വേണ്ടി മേൽ പ്രോജക്ട് പ്രകാരം 39688/- രൂപയും, വയോജന വിശ്രമ കേന്ദ്രത്തിന് വേണ്ടി 5071/- രൂപയും കെ.എസ്.ഇ.ബി. ഡിമാന്റ് ചെയ്തതിന് 43587/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ, കെ.എസ്.ഇ.ബി, മതിലകത്തിന് കൈമാറിയിട്ടുണ്ട്. വയോജന വിശ്രമ കേന്ദ്രത്തിന് വേണ്ടി പ്രോജക്ട് നം.117/19-20 പ്രകാരം 5071/- രൂപ വീണ്ടും കൈമാറിയിട്ടുണ്ട്.

കെ.എസ്.ഇ.ബിക്ക് അധികം നൽകിയ തുക (39688+5071=44759-43587=1172), 1172/-രൂപ അടവാക്കേണ്ടതിനു പകരം മറ്റൊരു പ്രൊജക്ട് തയ്യാറാക്കി 5071/-രൂപ കൈമാറി അധികം നൽകിയ (5071 – 1172) 3899 രൂപ അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓ.എ.22/24.12.21 ഓഡിറ്റ് എൻക്വയറി നമ്പർ 22/24.12.2021

1-35 2019-20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ UTR ലഭ്യമാക്കേണ്ടതാണ്.

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ 2019-20 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ UTR ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-36 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ടെങ്കിലും ടി തുകകൾ പൂർണ്ണമായി വിനിയോഗിച്ചതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം, പേര്	ബിൽ നം./തിയതി.	നൽകിയ തുക	കുറിപ്പുകൾ
1	03/19-20 ഐ.കെ.എം.വിഹിതം	Bill No. 54/2019-20 Dt. 21.12.19	65266	വിനിയോഗവിവരം ലഭ്യമല്ല. 16811/- രൂപ 18-19 സാമ്പത്തികവർഷം നീക്കിയിരിപ്പുണ്ട്. ടി തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല.
2	60/19-20, കാൽ, തൃശ്ശൂർ, തിരുവില്വാമല പഞ്ചായത്ത് വിഹിതം	വൗച്ചർ നം. 21900369/03.10.19	140000/-	വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.
3	ജനത റോഡ് നിർമ്മാണം , എസ്.എൻ.പുരം ഗ്രാമപഞ്ചായത്ത്	വൗച്ചർ നം.21900764/09.10.19	500000/-	വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.
4	ആശ്രയ പദ്ധതി	ബിൽ നം. 14/19-20, 17.07.19	300000/	എസ്.എൻ. പുരം ഗ്രാ.പ-100000/- മതിലകം 200000/- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.
5	സാന്ത്വന പരിചരണം	13/17.07.19	400000/	എസ്.എൻ. പുരം ഗ്രാ.പ-200000/- മതിലകം 200000/- വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.
	സാന്ത്വന പരിചരണം	43/15.10.19	200000/-	എറിയാട് ഗ്രാമ പഞ്ചായത്ത്
	സാന്ത്വന പരിചരണം	42/15.10.19	200000/-	എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
6	അയിരൂർ ദുബായ് റോഡ്	ബിൽ നം. 44/15.10.19	500000/-	കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് -
7	ലൈഫ് പദ്ധതി	27/27.09.19	857984/-	എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
	"	29/27.09.19	857984/	എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
	"	28/27.09.19	536240/-	ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

	"	30/27.09.19	536242/-	ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
	"	35/30.09.19	804360/-	പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്.
	"	36/30.09.19	804360	പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്.
	"	37/30.09.19	214496/-	എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
8	നടവരമ്പ് യു ബസാർ റോഡ് വിഹിതം നൽകൽ, 56/19-20	46/15.10.19	500000/-	എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
9	എസ്.എൻ.പുരം പഞ്ചായത്ത് കുഴിവിലങ്ങ് ലിങ്ക് റോഡ് വിഹിതം നൽകൽ	45/15.10.19	500000/-	എസ്.എൻ പുരം ഗ്രാമപഞ്ചായത്ത്
10	ലൈഫ് (എസ്.സി.പി)	69/28.01.20	437242/-	എസ്.എൻ പുരം ഗ്രാമപഞ്ചായത്ത്
11	ലൈഫ് ജനറൽ, 10/19-20	22/06.09.19	280000/-	കയ്പമംഗലം ഗ്രാമപഞ്ചായത്ത്.
12	,,		500000/-	എടവിലങ്ങ് ഗ്രാമപഞ്ചായത്ത്.
13	,,	30/27.09.19	255940/-	എസ്.എൻ.പുരം ഗ്രാമപഞ്ചായത്ത്
14	,,		293414	എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
15	,,	33/27.09.19	833339	കയ്പമംഗലം ഗ്രാമപഞ്ചായത്ത്
16	,,	32/27.09.19	550750	എടത്തിരുത്തി ഗ്രാമപഞ്ചായത്ത്
17	,,	39/30.09.19	293414	എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
18	,,	38/30.09.19	691038	പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്
19	,,	47/15.10.19	800000	എറിയാട് ഗ്രാമപഞ്ചായത്ത്
20	,,	48/15.10.19	700000	എറിയാട് ഗ്രാമപഞ്ചായത്ത്
21	,,	49/15.10.19	547520	എറിയാട് ഗ്രാമപഞ്ചായത്ത്

മേൽ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 21,22/24.12.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-37 വനിത ഗ്രൂപ്പ് സംരംഭകർക്ക് പുതിയ യൂണിറ്റിന് സബ്സിഡി:-ലഭ്യമായ സബ്സിഡി ഉപയോഗിച്ച് ലോൺ തുക നേരത്തെ അടവാക്കി

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയിൽ അപാകതകൾ കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതി നം./ പേര്	ട്രഷറി ബിൽ നം.	തുക	അപാകത
വനിത ഗ്രൂപ്പ് സംരഭകർക്ക് പുതിയ യൂണിറ്റ് തുടങ്ങുന്നതിന് സബ്സിഡി, S0130/20(Spill Over)	01/19-20/22.06.2019	148750/-	സൗഹൃതം ക്യാരിബാഗ് യൂണിറ്റിന്റെ (മതിലകം വാർഡ് 11) ലോൺ അക്കൗണ്ട് നം.PAP0101110016269 (പാപ്പിനിവട്ടം സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്കിൽ തുക നൽകിയിട്ടുണ്ട്. sl തുക 24.06.2019 ൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുകയും 01.07.2019ൽ തുക പിൻവലിച്ച് ലോൺ ക്ലോസ് ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. 23.12.2021 ലെ സ്ഥല പരിശോധനയിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിന്റെ സെക്രട്ടറി ഹാജരാക്കുകയും കാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ലോൺ തിരിച്ചടച്ചത് അറിവില്ലായ്മകൊണ്ട് സംഭവിച്ചതാണെന്നും, കോവിഡ് മൂലമാണ് സ്ഥാപനം അടച്ചിട്ടത് എന്നും അറിയിച്ചിട്ടുണ്ട്.
"	03/19-20/29.07.19	126250/-	ശ്രുതി മൈവവള സംരഭ യൂണിറ്റിന്റെ (എടത്തിരുത്തി വാർഡ് 7) ലോൺ അക്കൗണ്ട് നം.52420100004947 ൽ തുക നൽകിയിട്ടുണ്ട്. 23.12.2021 ലെ സ്ഥല പരിശോധനയിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന്

			ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പിന്റെ സെക്രട്ടറി ഹാജരാകുകയും കാഷ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുകയും ലോൺ തിരിച്ചടച്ച് അറിവില്ലായ്മകൊണ്ട് സംഭവിച്ചതാണെന്നും കോവിഡ് മൂലമാണ് സ്ഥാപനം അടച്ചിട്ടത് എന്നും അറിയിച്ചിട്ടുണ്ട്.

ഇടർ വിഷയങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 20 /24.12.2021)

1-38 കന്നാകട്ടി പരിപാലനം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

പ്രൊജക്ട് നമ്പർ - S0005/20

പ്രൊജക്ട് - 'കന്നാകട്ടി പരിപാലനം' ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച്

അടങ്കൽ തുക - 13,50,000/-

ബിൽ നമ്പർ - (ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല) തുക- 5,50,000/-

വിനിയോഗ വിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	നൽകിയ തുക	വൗച്ചർ നം.
മതിലകം	3,00,000/-	21900624/29.11.2019
എടവിലങ്ങ്	1,50,000/-	21900633/11.12.2019

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/21-12-21)

1-39 ക്ഷീര കർഷകർക്ക് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

പ്രൊജക്ട് നമ്പർ - S0004/20

പ്രൊജക്ട് - ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് സബ്സിഡി വിഹിതം നൽകൽ

അടങ്കൽ തുക - 23,50,000/-

ബിൽ നമ്പർ - 1/19-20 തീയതി.17/10/19, തുക - 12,00,000/-

വിനിയോഗ വിവരം ലഭ്യമാക്കാത്ത പഞ്ചായത്തുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്ത്	നൽകിയ തുക
കൈപ്പമംഗലം	3,00,000/-
മതിലകം	3,00,000/-

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ. 3/21.12.21)

1-40 ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -തുക അധികം

നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നം.89/19-20

ചെലവ്-ചെക്ക്നം. 21900246/16.09.19 -146437/-

മേൽ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് പ്രൊഫോർമ-ഇൻവോയ്സ് PRF 8354/16.08.19 പ്രകാരം 146437/- മുൻഗ്രായി കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നും ലഭിച്ച ഇൻവോയ്സ് പ്രകാരം 145203/- രൂപയുടെ ഇൻവോയ്സ് ആണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഇൻവോയ്സിനേക്കാൾ അധികം കൈമാറിയ 1234/-രൂപ തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി – 22/24.12.21)

1-41 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ബ്ലോക്ക് പഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡിറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്.കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ത.സ്വ.ഭ. സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കിയതിനാൽ ആയതിനനുസൃതമായിട്ടുള്ള കരാർ ഉടമ്പടികളിൽ നിർബന്ധമായും ഏർപ്പെടേണ്ടതാണ്.

1-42 അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തിയ നീന്തൽക്കുളം-നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല

സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 493054 രൂപ ചെലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയും പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലുള്ളതുമായ നീന്തൽക്കുളത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും സമീപം കാന നിർമിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് നം	147/20
കരാറുകാരൻ	കെ.കെ.മുരളി
അളവുപുസ്തകം	38/18-19, 1/19-20
ബിൽ നമ്പർ, തുക	32/26.02.20, 493054 രൂപ

23/12/21ൽ ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി.എൻജിനീയറുടെ കാര്യാലയത്തിലുള്ള ഓവർസിയർമാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ നിലവിൽ കുളം ആരും ഉപയോഗിക്കുന്നില്ല എന്നാം കോമ്പൗണ്ട് അടച്ചുപൂട്ടിയതായും, കുളത്തിന് ചുറ്റും പുൽപ്പടർപ്പുകൾ ഇടതൂർന്ന് വളർന്ന കാടുപിടിച്ചുകിടക്കുന്നതായും കണ്ടു.

കോവിഡ് സാഹചര്യം മൂലമാണ് കുളം ഉപയോഗിക്കാതിരിക്കുന്നതെങ്കിൽ ടി സാഹചര്യം മാറുന്നതിനനുസൃതമായി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുളത്തിന്റെ പരിസരം വൃത്തിയായി പരിപാലിക്കാനും നടപടിയെടുക്കേണ്ടതാണ്.

1-43 പുതുതായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ-തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

2019-20 വർഷം വേക്കോട് ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ ജനറൽ വിഭാഗത്തിനുവേണ്ടി ആറു മുറികളുള്ള ഇരുനിലകെട്ടിടവും എസ്.സി വിഭാഗത്തിനുവേണ്ടി മൂന്ന് മുറികളുള്ള ഇരുനിലകെട്ടിടവും പണി തീർത്തതിൽ ജനറൽ വിഭാഗം കെട്ടിടത്തിലെ ഒരു മുറി മാത്രമേ നാളിതുവരെ വാടകക്ക് പോയിട്ടുള്ളൂ. എസ്.സി വിഭാഗം കെട്ടിടത്തിലെ രണ്ട് മുറികൾ വാടകക്ക് പോയിട്ടുണ്ട്.

ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ തുടർനടപടികൾ ത്വരിതമാക്കി വരുമാന ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

1-44 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

ബ്ലോക്ക് പഞ്ചായത്തിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 24 പ്രൊജക്ടുകളിൽ 20 പ്രൊജക്ടുകൾക്ക് (83.33%) വേണ്ടി തുക ചെലവഴിക്കുകയുണ്ടായി. 12214346 രൂപയുടെ പ്രവൃത്തികൾ ആവിഷ്കരിച്ചതിൽ 9309557രൂപയുടെ (76.22%) പ്രവൃത്തികൾ നിർവ്വഹിക്കുകയുണ്ടായി.

പദ്ധതി പ്രവർത്തനത്തിൽ ശ്രദ്ധേയമായ പുരോഗതി, കോവിഡ് സാഹചര്യം നിലനിന്നിട്ടുകൂടി കൈവരിക്കാൻ സാധിക്കുകയുണ്ടായി.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ഗ്രാമ പഞ്ചായത്ത്	2019-20	1420000	പി.എം.എ.വൈ (ജനറൽ)	1420000	0
ജില്ലാ പഞ്ചായത്ത്	2019-20	280000	പി.എം.എ.വൈ (ജനറൽ)	280000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട്	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

		വർഷം			
1999-20	3(4)	2006-07	3.55.1	അറ്റുശാല പാഴ്ചെലവ്	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു
2000-01	3(6)	2006-07	3.55.2	റോഡ് റോളർ വാങ്ങിയത് ഉപയോഗിക്കാതെ കിടക്കുന്നു.	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു
2001-02	3(10)	2006-07	3.55.3	മതിലകം മാർക്കറ്റ് നിർമ്മാണം അപാകത	20.12.21 ൽ നടന്ന യോഗത്തിൽ പരിഗണിച്ചില്ല. അടുത്ത യോഗത്തിലേയ്ക്ക് മാറ്റിവെച്ചു

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	63190018/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	63866223/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം

1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07
1999-2000	എൽ.എഫ്.ടി.12-851/06/12.10.06
2000-01	എൽ.എഫ്.ടി.12-850/06/12.10.06/28.2.07
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008
2003-04	എൽ.എഫ്.ടി.21-2568/07/25.11.08
2004-05	എൽ.എഫ്.ടി.21-2567/07/25.11.08
2005-06	എൽ.എഫ്.ടി.21-795/09/22.5.10
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13/4.11.13
2012-13	എൽ.എഫ്.ടി. (ബി.പി)1025/2014/8.10.14/3.12.14
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16/8.01.2016
2014-15,2015-16	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)662/2017/2.06.17/12.6.17
2016-17	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)1743/2017/8.12.17
2017-18	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)52/2019/26.3.2019
2018-19	കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)138/2020 തി.05.06.2020

ജോയിന്റ് ഡയറക്ടർ,
ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്